# കേരള നിയമസഭ
# 12.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 12, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

**മറുപടി നൽകുന്ന മന്ത്രിമാർ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം

*61 ശ്രീ. എം. പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ ഇറങ്ങുന്ന മരുന്നുകളിൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഈ സംവിധാനത്തിന്റെ പ്രവർത്തനവും സവിശേഷതകളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിവരം ജനങ്ങളിലെത്തിക്കാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സംവിധാനത്തിൽ ഒരുക്കിയിട്ടുള്ളത് ;

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരമേഖലയിലെ പദ്ധതികള്‍</u>

*62 ശ്രീ. കെ. എന്‍. എ ഖാദര്‍
,, സി. മമ്മൂട്ടി
,, പി. കെ. ബഷീര്‍
,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദസഞ്ചാരമേഖലയുടെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികള്‍ വിശദമാക്കാമോ;

(ബി) പരിശീലനം ലഭിച്ച ഗൈഡുകളുടെ സേവനം ഇക്കാര്യത്തില്‍ ഉപയോഗപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തെ ചരിത്രപ്രാധാന്യമുള്ള കേന്ദ്രങ്ങള്‍, പൈതൃകശേഷിപ്പുകള്‍, നയനാനന്ദകരമായ പ്രകൃതി ഭംഗിയുള്ള സ്ഥലങ്ങള്‍ തുടങ്ങിയ ടൂറിസ്റ്റ് ആകര്‍ഷണ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഗൈഡുകളുടെ സേവനം ഉപയോഗപ്പെടുത്തി സ്വദേശ, വിദേശ ടൂറിസ്റ്റുകള്‍ക്കു വേണ്ടി പ്രത്യേക പാക്കേജ് ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ലേലം

*63 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
'' കെ. രാജു
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടുകൾ ഉൾപ്പെടെയുള്ളവ ലേലം ചെയ്തു നൽകാറുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിൽപ്പെട്ടവയാണ് ലേലം ചെയ്തു നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ശബരിമലയിൽ വർഷം തോറും ലേലം നടക്കാറുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ലേലം ചെയ്ത് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സീസണിലെ ലേലത്തുക മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണോ; കുറവാണോ; കുറവാണെങ്കിൽ അതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) ശബരിമലയിൽ ഭക്തജനങ്ങൾക്ക് വിതരണം ചെയ്ത ഉണ്ണിയപ്പത്തിൽ പൂപ്പൽ ഉൾപ്പെടെയുള്ള വിഷാംശം കലർന്ന സംഭവത്തിൽ ദേവസ്വം ബോർഡും സർക്കാരും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) ഉണ്ണിയപ്പത്തിൽ വിഷാംശം കലർന്നിട്ടുണ്ടെന്ന സി.എഫ്.ആർ.ഡി ലാബിലെ കണ്ടെത്തൽ അംഗീകരിക്കുന്നുണ്ടോ;

(എഫ്) ഭക്തജനങ്ങളെ പരിഭ്രാന്തരാക്കാൻ ശബരിമല കേന്ദ്രീകരിച്ച് ഗൂഢാലോചന നടക്കുന്നു എന്ന ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

ശ്രീപത്മനാഭസ്വാമിക്ഷേത്ര നിധി – അമിക്കസ് ക്യൂറി റിപ്പോർട്ട്

*64 ശ്രീ. വി. ശിവൻകുട്ടി
,, എം. എ. ബേബി
,, എ. കെ. ബാലൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ നിധി തിട്ടപ്പെടുത്തുന്ന വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സുപ്രീംകോടതി നിയോഗിച്ച അമിക്കസ് ക്യൂറിയുടെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കോടതി നിർദ്ദേശിച്ചതിനപ്പുറം ക്ഷേത്രഭരണം എങ്ങനെ വേണമെന്നും, ആചാരാനുഷ്ഠാനങ്ങളിൽ മാറ്റങ്ങൾ വേണമെന്നും ക്ഷേത്ര സ്വത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചും സ്വത്ത് എങ്ങനെ സംരക്ഷിക്കണമെന്നും റിപ്പോർട്ടിൽ വിശദീകരിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമിക്കസ് ക്യൂറി റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുമ്പ് സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; ഇതിൽ സർക്കാർ നിലപാട് വ്യക്തമാക്കിയിരുന്നോ; എങ്കിൽ ഈ നിലപാടു തന്നെയാണോ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

ആദിവാസി പെൺകുട്ടികളെ തമിഴ്നാട്ടിലേക്ക് കടത്തുന്നത് തടയാൻ നടപടി

*65 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നിന്ന് ആദിവാസി പെൺകുട്ടികളെ ഏജന്റുമാർ മുഖേന തമിഴ്നാട്ടിലേക്ക് കടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കുറ്റക്കാർക്കെതിരെ മാതൃകാപരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>ജില്ലകളിൽ സൗജന്യ ഡയാലിസിസ് കേന്ദ്രം</u>

*66 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സൗജന്യ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ കേന്ദ്രങ്ങൾ വഴി എന്തെല്ലാം സൗകര്യങ്ങളാണ് രോഗികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വാട്ടർ താരിഫ് റെഗുലേറ്ററി അതോറിറ്റി</u>

*67 ശ്രീ. എസ്. ശർമ്മ
,, പി. റ്റി. എ. റഹീം
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസേചനം, കുടിവെള്ളം എന്നിവയുടെ വില നിർണ്ണയത്തിനായി റെഗുലേറ്ററി അതോറിറ്റിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാരിന് വില നിയന്ത്രിക്കാനും സബ്സിഡി നൽകാനും അധികാരം ഉണ്ടായിരിക്കുമോ; വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുടാപ്പ് സ്ഥാപിക്കുന്നത് നിർത്തലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>അമ്മയും കുഞ്ഞും സുരക്ഷാ പദ്ധതി</u>

*68 ശ്രീ. പി.എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്മയും കുഞ്ഞും സുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) നവജാത ശിശുക്കൾക്കും മാതാക്കൾക്കും ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരന്തബാധിതർ</u>

*69 ശ്രീ. റ്റി.വി. രാജേഷ്
,, ഇ.പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുതിയ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ ;

(ബി) എന്ത് മാനദണ്ഡപ്രകാരമാണ് പഴയ ലിസ്റ്റിൽ നിന്നും നിരവധിപേരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) വിദഗ്ധ ഡോക്ടർമാരുടെ സഹായത്തോടെ ദുരിതബാധിതരുടെ ലിസ്റ്റ് തയ്യാറാക്കണമെന്ന നിർദ്ദേശത്തോടുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഡി) ഇതുവരെ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും ഇതിനായി എന്ത് തുക കളക്ടർക്ക് കൈമാറിയെന്നും അറിയിക്കുമോ ;

(ഇ) ഇതിനായി ലഭിച്ച കേന്ദ്രസഹായം എന്തെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>തലസ്ഥാനത്തെ പകർച്ചവ്യാധികൾ</u>

*70 ശ്രീ. ജെയിംസ് മാത്യു
,, പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഡെങ്കിപ്പനി, മലേറിയ, കോളറ, തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എന്തു പരിഹാര നടപടികളാണ് ഇതുവരെ കൈക്കൊണ്ടതെന്ന് അറിയിക്കാമോ ;

(സി) പകർച്ചവ്യാധികളെ തുടർന്ന് ആശുപത്രികളിലും അല്ലാതെയും കഴിഞ്ഞ രണ്ടുവർഷം മരണപ്പെട്ടവരെ സംബന്ധിച്ച ലഭ്യമായ കണക്കുകൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം</u>

*71 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുളള സംവിധാനം എന്താണെന്ന് വിശദമാക്കാമോ ;

(ബി) ഗുണനിലവാരമില്ലാത്ത ഇൻസുലിനുകളും പ്രതിരോധ കുത്തിവയ്പ് മരുന്നുകളും വിപണിയിൽ ലഭ്യമാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ വിപണനം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പുവരുത്തുന്നതിലേക്ക് മരുന്ന് കമ്പനിക്കാരെയും വിതരണക്കാരെയും ബാദ്ധ്യസ്ഥരാക്കുന്നതരത്തിൽ എന്തെങ്കിലും ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012–ലെ മറുപടിക്ക്

<u>ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്</u>

*72 ശ്രീ. കെ.കെ.ജയചന്ദ്രൻ
,, എ.കെ. ബാലൻ
"സാജു പോൾ
പ്രൊഫ.സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ അണക്കെട്ടുകളെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാട് എന്താണെന്ന് അറിയിക്കുമോ;

(സി) കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>ശബരിമല ലേല നടപടികളിലെ ക്രമക്കേടുകൾ</u>

*73 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ശബരിമല സീസണുമായി ബന്ധപ്പെട്ട് വിവിധ ലേല നടപടികളിൽ ക്രമക്കേടുകൾ നടന്നതായ ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതി നടത്തിയ പരാമർശത്തെ തുടർന്ന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) പുതിയ ദേവസ്വം ബോർഡ് അധികാരമേറ്റ ശേഷം നിലവിലുണ്ടായിരുന്ന ദേവസ്വം ചീഫ് കമ്മീഷണർ തന്നെ തുടരണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

*74 ശ്രീ. പി. സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
,, ഡോ. എൻ. ജയരാജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി ഏതു ഘട്ടം വരെ എത്തി; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ 2013-ൽ പ്രവർത്തന സജ്ജമാകുന്നവ ഏതെല്ലാം;

(സി) മെഡിക്കൽ കോളേജുകൾ താമസം വിനാ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

ആദിവാസികൾക്കുവേണ്ടി മോഡൽ വില്ലേജുകൾ

*75 ശ്രീ. എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുവേണ്ടി മോഡൽ വില്ലേജുകൾ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പൈലറ്റ് പ്രോജക്ട് എവിടെ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളിലെ ദാരിദ്ര്യവും അകാലമരണവും</u>

*76 ശ്രീ. എം. ഹംസ
,, എ. കെ. ബാലൻ
,, പി. റ്റി. എ. റഹീം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയുൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ ദാരിദ്ര്യവും പോഷാകാഹാരക്കുറവും മൂലം അകാലമരണം വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) ആദിവാസികൾക്ക് ചികിത്സ നിഷേധിക്കപ്പെടാനും മതിയായ ചികിത്സ കിട്ടാതെ മരിക്കാനും കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശബരിമലയിലെ പ്രസാദവിതരണം</u>

*77 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ജി. സുധാകരൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെത്തുന്ന ഭക്തജനങ്ങൾക്ക് വഴിപാടുകൾ നടത്തുന്നതിനും പ്രസാദം ലഭിക്കുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കുന്ന ഉണ്ണിയപ്പം വിതരണം ചെയ്യാൻ ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യഗുണ പരിശോധനാലാബിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>ആരോഗ്യ സർവ്വകലാശാല</u>

*78 ശ്രീ. ബാബു എം. പാലിശ്ശേരി
,, എം. എ. ബേബി
,, കെ. രാധാകൃഷ്ണൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കോളേജുകൾക്ക് അഫിലിയേഷൻ നൽകിയതിലും കോഴ്സുകൾക്ക് അംഗീകാരം നൽകിയതിലും എന്തെങ്കിലും ക്രമക്കേട് വിജിലൻസ് കണ്ടെത്തിയിരുന്നോ ; വിശദാംശം നൽകാമോ ;

(സി) സർക്കാർ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ചികിത്സാ സ്ഥാപനങ്ങൾക്കുമേൽ നിയന്ത്രണം</u>

*79 ശ്രീ. പി. ബി. അബ്ദുൾ റസാക്
" എം. പി. അബ്ദുസ്സമദ് സമദാനി
" പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ചികിത്സാ സ്ഥാപനങ്ങൾക്കുമേൽ സർക്കാരിന്റെ നിലവിലുള്ള നിയന്ത്രണ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ചെലവുകുറഞ്ഞതും സുരക്ഷിതവുമായ ചികിത്സാ സൗകര്യങ്ങൾ സ്വകാര്യമേഖലയിൽ നിന്നും ലഭ്യമാക്കുന്നതിന് ഇന്നുള്ള നിയന്ത്രണാധികാരം പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംവിധാനത്തിലെ പാകപ്പിഴകൾ പരിഹരിക്കുന്നതിനും മേഖലയിലെ തട്ടിപ്പും ചൂഷണവും ഇല്ലാതാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഹോട്ടലുകളിലെ പരിശോധന

*80 ശ്രീ. കെ. കെ. നാരായണൻ
,, എം. ചന്ദ്രൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ നൽകുന്ന ഭക്ഷണം ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലപ്രദമാണ്; കേരള ഹൈക്കോടതിയ്ക്ക് ഇക്കാര്യത്തിൽ സർക്കാർ നൽകിയ സത്യവാങ്മൂലത്തിലെ വിശദാംശങ്ങൾ, നൽകിയ ഉറപ്പുകൾ സഹിതം വെളിപ്പെടുത്തുമോ; സത്യവാങ്മൂലത്തിലൂടെ ഹൈക്കോടതിയ്ക്ക് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടോ;

(സി) മായം ചേർന്ന ഭക്ഷ്യവസ്തുക്കൾ വില്ക്കാൻ ശ്രമിച്ചതിനും ശുചിത്വമില്ലാതെ ഭക്ഷണശാലകൾ പ്രവർത്തിച്ചതിനുമെതിരെ എടുത്ത കേസ്സുകൾ എത്ര; എത്ര പേർ ശിക്ഷിക്കപ്പെട്ടു ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശബരിമലയിലെ ലേലം</u>

*81 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ ലേലം അബ്കാരി ലേലത്തേക്കാൾ മോശമാണെന്ന കേരള ഹൈക്കോടതിയുടെ പരാമർശം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ നാലുവർഷത്തേക്കാളും കുറഞ്ഞ തുകയ്ക്ക് ഇത്തവണ നാളീകേരം ലേലം നടത്തി കൊടുക്കാനിടയായ സാഹചര്യമെന്ത്; കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(സി) മുൻവർഷത്തേക്കാൾ പത്തു ശതമാനം കൂട്ടിമാത്രമേ ലേലം നടത്താവു എന്ന് ദേവസ്വം ബോർഡ് നയത്തിൽ പറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനു വിരുദ്ധമായി പ്രവർത്തിച്ചവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

<u>വിദേശ – ആഭ്യന്തര ടൂറിസ്റ്റുകളുടെ സുരക്ഷ</u>

*82 ശ്രീ. ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാന ടൂറിസം രംഗത്തെ ബാധിച്ചിട്ടുണ്ടോ;

(ബി) ഈ സീസണിൽ ഇതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് എത്തി; ഇത് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ –ആഭ്യന്തര ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

മരുന്നുകളുടെ ക്ലിനിക്കൽ ട്രയൽ

*83 ശ്രീ. വി. ചെന്താമരാക്ഷൻ
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ ട്രയൽ നടത്താത്ത നിരവധി മരുന്നുകൾ ഇന്ത്യയിലെ മാർക്കറ്റിൽ വിൽക്കുന്നുണ്ടെന്ന് പാർലമെന്ററി സമിതി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മരുന്നുകൾ കേരള വിപണിയിൽ വില്ക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയല്ലാതെ സ്വകാര്യ, സർക്കാർ നിയന്ത്രണ ആശുപത്രികളിൽ മരുന്നു പരീക്ഷണം നടത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; വിശദാംശം നൽകുമോ ;

(ഇ) ഇത്തരം അനധികൃത മരുന്നു പരീക്ഷണം തടയുന്നതിനായി എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ദേവസ്വം ബോർഡിലെ നിയമനങ്ങൾ

*84 ശ്രീമതി കെ. കെ. ലതിക
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' ജി. സുധാകരൻ
ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ വനിതാസംവരണം ഒഴിവാക്കി കൊണ്ട് തീരുമാനിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ദേവസ്വം ബോർഡിലെ ഭരണ നിർവ്വഹണ വിഭാഗത്തിലേക്കുള്ള ജീവനക്കാരുടെ നിയമനം പി.എസ്.സി ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇത്തരം ജീവനക്കാരെ നിയമിക്കുന്നതിന് പുതുതായി എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പുന:സംഘടന

*85

ശ്രീ. കെ. ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുന:സംഘടിപ്പിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരെ ഏതെങ്കിലും മേഖലയിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

**കേരള നിയമസഭ**
**12.12.2012–ലെ മറുപടിക്ക്**

<u>ശുദ്ധജലവിതരണവും ജലസേചനവും</u>

*86 ശ്രീ. സി.കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനും ജലസേചനത്തിനും 2011 –2012 സാമ്പത്തിക വർഷം നീക്കിവെച്ച ബഡ്ജറ്റ് തുക വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ;

(ബി) രണ്ട് ഹെഡുകൾക്കുമായി നീക്കിവെച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തീരദേശങ്ങളിലെ ആരോഗ്യ പരിപാലനം</u>

*87 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിൽ കോളറ, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീരപ്രദേശങ്ങളിലെ സ്കൂളുകൾ, റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ ശുദ്ധജലം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പ്രസ്തുത പ്രദേശങ്ങളിൽ ലഭിക്കുന്ന കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

(സി) തീരപ്രദേശങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക ശുചിത്വ ആരോഗ്യ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

ബ്ലഡ് ബാങ്കിൽ നിന്നും രക്തം ഒഴുക്കികളഞ്ഞ നടപടി

*88 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ബ്ലഡ് ബാങ്കിൽ നിന്നും രക്തം ഉപയോഗയോഗ്യമല്ലാത്തതിനാൽ ഒഴുക്കികളഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) വിലയേറിയ രക്തം ഇപ്രകാരം ഉപയോഗശൂന്യമാകാതിരിക്കാൻ ബ്ലഡ് ബാങ്കുകളിൽ ആട്ടോമാറ്റിക് ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012–ലെ മറുപടിക്ക്

രാസവസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങളുടെ വില്പന

*89 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അജിനോമോട്ടോ പോലുള്ള ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത ഭക്ഷണപദാർത്ഥങ്ങൾ പായ്ക്കറ്റുകളിലും അല്ലാതെയും വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മയക്കുമരുന്നുകൾ ചേർത്ത മധുരപലഹാരങ്ങൾ വ്യാപകമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) ബദാംമിക്സ്, ഗ്ലൂക്കോസ്, ഐസ്ക്രീം പൗഡർ എന്നീ പേരുകളിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ വില്പന നടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഭക്ഷണ പദാർത്ഥങ്ങളിർൽ മായം ചേർക്കുന്നത് പരിശോധിക്കാൻ ലാബോറട്ടറി സൗകര്യങ്ങൾ എവിടെയെല്ലാം ലഭ്യമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012–ലെ മറുപടിക്ക്

ഔഷധ വില നിയന്ത്രണം

*90 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ഔഷധങ്ങളുടെ വില ക്രമാതീതമായി ഉയരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) ഈ സാഹചര്യത്തിൽ കെ.എസ്.ഡി.പി.യെ സഹായിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 03.